പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3966 | 21/06/2018 ൽ മറുപടിക്ക്

**കാസർകോട് ജില്ലയിൽ ദേവസ്വം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങൾ**

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | | ശ്രീ കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കാസർകോട് ജില്ലയിൽ ദേവസ്വം വകുപ്പിന്റെ കീഴിൽ എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്നും കഴിഞ്ഞ ഏഴ് വർഷം എന്തെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളും ഈ ക്ഷേത്രങ്ങൾക്ക് നൽകിയിട്ടുണ്ടെന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ ; | (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിൽ കാസർകോട് ജില്ലയിൽ 99 ക്ഷേത്രങ്ങളാണുള്ളത്. പ്രസ്തുത ക്ഷേത്രങ്ങൾക്ക് 2011 മുതൽ 2017 വരെയുള്ള 7 വർഷങ്ങളിലായി മലബാർ ദേവസ്വം ബോർഡിൽ നിന്നും നൽകിയ സഹായധനം ഇനം - വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. |

| വർഷം | ജീവനക്കാരുടെ ശമ്പള കുടിശ്ശിക | ജീർണ്ണോദ്ധാരണ ധനസഹായം |
|---|---|---|
| 2011 | 1,13,04,676/- | 17,32,500/- |
| 2012 | 1,55,87,674/- | 90,000/- |
| 2013 | 1,04,63,101/- | 38,31,000/- |
| 2014 | 1,03,60,729/- | 13,46,000/- |
| 2015 | 1,53,29,317/- | 1,65,000/- |
| 2016 | 1,45,07,484/- | 26,40,000/- |
| 2017 | 2,03,82,634/- | 2,20,000/- |
| ആകെ | 9,79,35,615/- | 1,00,24,500/- |

| | | | |
|---|---|---|---|
| (ബി) | ജില്ലയിൽ ബോർഡിന്റെ കീഴിൽ വരാത്ത ക്ഷേത്രങ്ങൾ എത്ര ഉണ്ടെന്നും ഇത്തരം ആരാധനാലയങ്ങൾക്ക് സഹായം നൽകാറുണ്ടോ എന്നും വ്യക്തമാക്കാമോ ; | (ബി) | മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരാത്ത ക്ഷേത്രങ്ങളുടെ വിവരം മലബാർ ദേവസ്വം ബോർഡിൽ ലഭ്യമല്ല. ഇത്തരം ക്ഷേത്രങ്ങളുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ ജീർണ്ണോദ്ധാരണ ഗ്രാന്റ് നൽകി വരുന്നു. |
| (സി) | ക്ഷേത്രം സ്ഥാനികർമാർക്ക് ഇപ്പോൾ നൽകുന്ന വേതനം എത്രയാണെന്നും ഇന്നത്തെ സാഹചര്യത്തിൽ ജീവിതചെലവുമായി പൊരുത്തപ്പെടാത്തതാണ് ഈ വേതനമെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ; | (സി) യും (ഡി) ഉം | ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആചാര സ്ഥാനികർക്ക് പ്രതിമാസം 800/- രൂപയാണ് ധനസഹായം നൽകി വരുന്നത്. പ്രസ്തുത ധനസഹായം നിലവിലെ ജീവിത ചെലവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് മലബാർ ദേവസ്വം നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | എങ്കിൽ വേതനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ